



# വർണ്ണങ്ങൾ

## ഡിജിറ്റൽ മാസിക



ലിറ്റിൽ കൈറ്റ് യൂണിറ്റ് - ജി എച്ച് എസ് എസ് മേഴത്തൂർ – 2019



വർണ്ണങ്ങൾ

**Little KITEs**
**G.H.S.S. MEZHATHUR 2018-19**



## എഡിറ്റോറിയൽ ബോഡ്

യദുകൃഷ്ണൻ (എഡിറ്റർ)
സ്നേഹ(സബ് എഡിറ്റർ)
അഭിനവ് .എം.പി
ശ്രേയേഷ്.സി.കെ.
നന്ദന.പി
അഞ്ജന.കെ
അക്ഷയ് .പി

## വഴികാട്ടികൾ

ഉണ്ണികൃഷ്ണൻ.ഇ
ഗീതാതങ്കം.വി.ടി.

# കൈറ്റ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് **കൈറ്റ്** (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കിഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്.

പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾകൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്. ഒരു സെക്ഷൻ 8 കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001 ലാണ് ഐടി@സ്കൂൾ പ്രോജക്ട് രൂപീകരിച്ചത്.

# ലിറ്റിൽ കൈറ്റ്സ്


കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്‌വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

ലിറ്റിൽ കൈറ്റ്സ്  അംഗങ്ങൾക്ക് ഗ്രേസ് മാർക്ക് ശുപാർശ ചെയ്യുന്നുണ്ട്.

ലിറ്റിൽ കൈറ്റ്സ് കഴിഞ്ഞ ജൂലൈ മാസം മുതൽ പഠന പവർത്തനം ആരംഭിച്ചു

ഗീതാ തങ്കം



SREYESH 9 A



FASIL 9 C



# പ്രണയ മർമരം

കഥ

യദു 9B

പുഴ കടന്നെത്തിയ കുളിർക്കാറ്റുകൊണ്ടിരുന്ന അവർ കഥ പറഞ്ഞു .കഥയിലെപ്പോഴോ അവർ രാജകുമാരനും രാജകുമാരിയും ആയി ഇഷ്ടവും ഇഷ്ടക്കേടുകളും കതോ കാതോരം പറഞ്ഞു വർഷങ്ങൾ പലതു കടന്നു.....അവർ ഒരാത്മാവും ശരീരവും ആയി പ്രണയിച്ചുകൊണ്ടിരുന്നു .തലമുറകൾ കടന്നു ഈപ്രണയതീരത്തെത്തി അവർ കഥകൾ പങ്കു വച്ച് .....ഇണപ്രാവുകൾ കോറിയിട്ട പ്രണയത്തിന്റെ നഖക്ഷതങ്ങളെ അവർ എറ്റു വാങ്ങി ക്യാമ്പസ്സിനകത്ത് പ്രണയത്തിന്റെ പര്യായമായി അവർ മാറി

ആലും പ്ലാവും ഒരു തടിയായി നിൽക്കുകയാണ്. .സ്നേഹത്തിന്റെ വേരുകൾ മണ്ണിലേക്കിറക്കാൻ ശ്രമിക്കുന്ന ആലും പ്രണയത്തിന്റെ മാഹാത്മ്യം വാനോളം ഉയർത്താന്പളുവും വളരുന്നു .ഒന്നിച്ചു കുളിരും തണലും നൽകുന്നു

ഇവിടെയാണ് ക്യാമ്പ്സ്ന്റെ സ്നേഹസമ്മേളനം അരങ്ങേറുന്നത്.കലാലയത്തിലെ വിദ്യാർഥികൾ ഒഴിവു വേളകൾ ഇവിടെ പങ്കു വക്കുന്നു.രാഷ്ട്രീയ അസ്വാരസ്യങ്ങൾ ഈ മരത്തണലിൽ മറക്കുന്നു.സ്നേഹമരത്തണലിൽ അവർ ഒന്നിച്ചിരുന്നു പാട്ടുന്നു. കഥകൾ പറയുന്നു.കൊച്ചു തമാശകളുടെ പൊട്ടിച്ചിരികൾ മരവുംമാനമറിഞ്ഞു ചിരിച്ചേയ്ക്കാം.സ്നേഹമരത്തണലിനോടെ ചേർന്ന ഒരു പാറ ഉണ്ട് .അതിനു കുട്ടികൾക്കിടയിലൊരു പേരുണ്ട് സ്നേഹപ്പാറ. ഈ പാറയിലിരുന്ന് ഇഷ്ടാനിഷ്ടങ്ങൾ പങ്കിട്ടവർ ധാരാളം. വിട പറയുമ്പോൾ കണ്ണിൽ നിന്ന് ഒറ്റി വീഴുന്ന കണ്ണീർ ഒരു പക്ഷെ കരിങ്കല്ലിന്റെ മനസ്സ് പോലും അലിയിച്ചേക്കും.

കവിത

# *പുലരിക്കാഴ്ച*

പുതിയൊരു പുലരിയെ കാണുവാനായ്
പതിവിനും മുമ്പെ ഞാനുണർന്നു
തൊടിയിലെ ചെടിയിലെ ഹിമ ബിന്ദുവിൽ
സൂര്യകിരണങ്ങൾ പുഞ്ചിരിച്ചു
സൂര്യന്റെ തങ്കതിളക്കത്തിന്റെ
ഉദ്യാന കുസുമങ്ങൾ ഒളി ളുകി
ഒരു കൊച്ചു തെന്നൽ വീശിടുമ്പോൾ
പുൽക്കൊടിത്തുമ്പുകൾ നൃത്തമാടി
കറയറ്റ പുലരിയിൽ കണ്ട കാഴ്ച
എന്റെ മനസ്സിൽ നിറഞ്ഞു നിന്നു



# Our Teacher

Teacher is like a light beam
Thatbshows us the way
Teacher can teach us every thing
That you can find in this world




Teache can show the path
Like a torch in our hand
Teacher shows the patiences
That no body can show

These are the reasons do you know
That we love our teacher

Safvana 9B

# ജനൽച്ചില്ലയിലെ തളിർനാമ്പുകൾ

"എന്നെ ഏൽപ്പിച്ച ദൗത്യം കഴിഞ്ഞിരിക്കുന്നു. ഇവിടെയാണ് നിങ്ങൾ പെയ്തിറങ്ങേണ്ട സ്ഥലം". "ഉവ്വോ? അപ്പോ ഇതാണോ അങ്ങേർടെ സ്വന്തം നാട്? ന്യൂന മർദ്ദ ചുഴലികൾ മടക്കയാത്ര ആരംഭിച്ചിരിക്കുന്ന മുകിലുകളുടെ ആ നാഴിയിൽ നിന്നും പെയ്തിറങ്ങുന്ന ശരങ്ങൾ തെങ്ങിൽ തലപ്പുകളെ സംരക്ഷിച്ച കൊണ്ടു നിൽക്കുന്ന അംബര ചുംബികളെ വാരിപ്പുണർന്ന്" മഴവെള്ളം ആദ്യം തറയിൽ കൂടുകൂട്ടിയിരിക്കുന്ന പെരു തേനീച്ചകളെ ആലിംഗനം ചെയ്തു. പിന്നെ പടികളെ പിന്നെ ചുവരുകളെ ജനാലകളെ പിന്നെ മാരിക്ുന്നിലെ എൽപി സ്കൂൾ ചുവരുകളിൽ ഒരി കാലത്ത് തന്നെപോലുള്ള ബാല്യങ്ങൾ കോറിയിട്ട സ്വപ്നങ്ങൾ അയാളുടെ മനസ്സിൽ ഒരു ഗോവർധനത്തെ സൃഷ്ടിച്ചു.അതിനു താഴെ നാമെല്ലാവരും സുരക്ഷിതരാവുന്നതായി അയാൾക്ക് തോന്നി. കൂടെ ഉള്ളവരിൽനിന്ന് ലഭിച്ച ബ്രഡിൻ പാളികൾ വെള്ളത്തിൽമുക്കി വിഴുങ്ങുമ്പോൾ ഇവിടെ കൂടിയിരിക്കുന്നവരുടെ മുഴുവൻ വിഷമമാണ് താൻ വിഴുങ്ങുന്നതെന്നയാൾക്ക് തോന്നി. അയാൾ അത് തടയാൻമൂ ശ്രമിച്ച എന്നാൽ അതിന് കാളകൂട വിഷത്തെകക്കാൾ വീര്യം ഉണ്ടായിരുന്ന അയാളുടെ കൈകൾക്ക് വാസുകിയുടെ കരുത്തില്ലതാനും.

അള്ളാഹു അക്ബർ, അള്ളാഹു അക്ബർ പള്ളിക്കൂടത്തിന്റെ മൂലയിൽ നിന്നും ബാങ്ക് വിളി മാറ്റൊലി കൊണ്ടു മറ്റൊരു ദിക്കിൽ നിന്നും ക്രിസ്തൻ പള്ളിയിലെ കുറുബാന കേൾക്കുന്നുണ്ടായിരുന്നു. രാമനാമ ജപനങ്ങളും അവിടെ അലയടിച്ചിരുന്നു. ഭക്ഷണ പൊതികളുടെ ഒഴിഞ്ഞ കടലാസിൽ കഴിഞ്ഞ ദിവസം വരെയുള്ള വാർത്തകൾ പ്രതിഫലിച്ചിരുന്ന അത് കണ്ടപ്പോൾ അയാൾക്ക് ചിരി വന്നു ദൈവവിധികൾ എത്ര വിചിത്രമാണെന്ന് അയാൾ തിരിച്ചറിഞ്ഞു "കഴിഞ്ഞ ദിവസം വരെ എത്ര ശാന്തമായിരുന്നു നമ്മുടെ നാട് ഇന്നിപ്പോൾ കണ്ടില്ലേ? മുറവിളികൾ മാത്രം ഭക്ഷണത്തിനും വസ്ത്രത്തിനും എല്ലാം "അടുത്തിരുന്ന സ്ത്രീയുടെ അവലപനം അയാൾക്ക്

കൗതുകം ഉളവാക്കി. നേരെ തിരിച്ചാണ് അയാൾക്ക് തോന്നിയത്. ഇത്രയും ദിവസം ഉയർന്നു വന്നിരുന്ന കൊലപാതകങ്ങൾ എവിടെ? വർഗീയതകൾ എവിടെ? രാഷ്ട്രീയതർങ്ങളെവിടെ? ശൂന്യം എങ്ങും പ്രവർത്തനങ്ങൾ മാത്രം രക്ഷാപ്രവർത്തനം ദൈവത്തിന്റെ നാടിന്റെ ഉയിർത്തെ എഴുന്നിപ്പിക്കുന്നുള്ള പ്രവർത്തനം. അയാൾ പൂർണസംതൃപ്തനായിരുന്നു.

കിച്ചു......

എണിക്കാറായില്ലേ? ഇന്നല്ലെ സ്കൂൾ തുറക്കുന്നത്? ഉറക്കത്തിൽ നിന്നു ഉണർന്ന അവന്റെ മനസ് മ്ലാനമായി രുന്നു എന്നാൽ സമകാല ബോധം തിരിച്ചു കിട്ടിയപ്പോൾ മനസ്സിലാക്കിയെടുത്തു അവൻ ഇതു വെറും സ്വപ്നമല്ല കേരളീയ ജനതയുടെ ഒഴുക്കായിരുന്നു എന്ന്. അതെ തിന്മകളിൽ നിന്നും നന്മയിലെക്കുള്ള ഒഴുക്ക്. ജനാലയിൽ നിന്നും എത്തിനോക്കുന്ന ഇലനാമ്പുകളിൽ ഭാവി കേരളത്തെ പ്രതിഫലിക്കുന്നുണ്ടയിരുന്നു ഉയർത്തെഴുന്നെൽക്കാതിരിക്കില്ല കേരളം . സ്വന്തം നാടിന്റെ പരാജയം ദൈവത്തിനിഷ്ടപ്പെടില്ലല്ലോ.........................

# ശിഖര നാമങ്ങൾ കവിത

ഞാൻ എൻെറനാട്ടിൽ എന്നുടെ
വാസ്തു വിൽപ്പന ചെയ്യുവാനായി
രാത്രി എന്നുടെ സഖി യും ഒത്തൊരു
ചർച്ച യ്യിൽ മുഴുകി
ഫ്ളാറ്റിനുള്ളിൽചർച്ച യ്യിൽ നൊമ്പരം
എന്നെ മൂടി
പക്ഷേ യെൻ സഖി അറിഞ്ഞു
തട്ടി പിടഞ്ഞ് എഴുന്നേറ്റു അവൾ
തട്ടി പുറത്തേക്ക് പാഞ്ഞതും ശിഖ്രമോ
തട്ടിത്തെറിപ്പിച്ച് എന്നെയാ നാട്ടിൻ
പുറത്ത് നാൽക്കവലയിൽ അരയാലിൻ
ചുവട്ടിലെ പുറ്റുകളി ലേക്കോ
അതോ ചുട്ടകല്ല് അടുപ്പ് ഉള്ള
ചെറ്റക്കുടിലിന്റെ നാൽ ചുവരിൽ
കിടന്നിരുന്നു കണ്ണീരിനെ കറി യുപ്പാ ക്കു മെന്നമ്മയുടെ
അരികിലേക്ക്
അറിയില്ലെനിക്കോർമ്മയില്ലെന്നതും
സത്യമെങ്കിലും അഭിനന്ദനം സഖി
ഓർമ്മ കുളത്തിൽ മുങ്ങ വേ
കോളർ തിമിർപ്പുകൾ കൊണ്ടെന്നെ
ഓണ മാസ പൂക്കളും പൂക്കളവും
പാൽനിലാവ് ഒഴുകും രാത്രികളും
ഓർമ്മകൾ കോറി വരച്ചതാലിൻ
ശിഖരങ്ങൾ വിളിച്ചുപറഞ്ഞതെൻ
അക്ഷര കലാലയത്തിലെ പൊടി
യണി ഇലകളിലെ ഉപ്പുമാവിന് രുചികളും
ഇല്ല ഞാൻ വിൽക്കില്ല എന്നോർമ്മകളെ
എന്നും സൂക്ഷിക്കും എൻ മനസ്സിൽ
ഇന്നലെ മഴ പെയ്തു അല്ല പിന്നെയോ
ആതെൻ മനതാരിൽ ഒരു ഓർമ്മ പെയ്ത്ത്



സ്നേഹ